# മധുരമായ കുട്ടികളേ- ഈ വേശ്യാലയത്തെ ശിവാലയമാക്കി മാറ്റാൻ ബാബ വന്നിരിക്കുകയാണ്. നിങ്ങളുടെ കർത്തവ്യമാണ്-വേശ്യകൾക്കും ഈശ്വരീയ സന്ദേശം നൽകി അവരുടെയും മംഗളം ചെയ്യുക.

**ചോദ്യം -** ഏത് കുട്ടികളാണ് തന്റെ ഏറ്റവും വലിയ നഷ്ടം ഉണ്ടാക്കുന്നത്?
**ഉത്തരം -** ആരാണോ ഏതെങ്കിലും കാരണത്താൽ മുരളി(പഠിപ്പ്) മുടക്കുന്നത്, അവർ തന്റെ ഏറ്റവും വലിയ നഷ്ടം ഉണ്ടാക്കുന്നു. ചില കുട്ടികളാണെങ്കിൽ പരസ്പരം പിണങ്ങുന്നത് കാരണം ക്ലാസ്സിലേക്ക് വരുന്നതേയില്ല. ഏതെങ്കിലുമൊക്കെ ഒഴിവു കഴിവ് പറഞ്ഞ് വീട്ടിൽത്തന്നെ ഉറങ്ങുകയാണ്, ഇതിലൂടെ അവർ തന്റെ തന്നെ നഷ്ടം ഉണ്ടാക്കുകയാണ് എന്തുകൊണ്ടെന്നാൽ ബാബ ദിവസവും എന്തെങ്കിലും ചില പുതിയ യുക്തികൾ പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്, കേൾക്കുന്നേയില്ലായെങ്കിൽ പിന്നെ പ്രയോഗത്തിലെങ്ങനെ കൊണ്ടു വരും.

**ഓം ശാന്തി**. മധുര-മധുരമായ ആത്മീയ കുട്ടികൾക്ക് ഇതറിയാം ഇപ്പോൾ നമ്മൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. മായയും മറപ്പിക്കുകയാണ്. ചിലരെയാണെങ്കിൽ മുഴുവൻ ദിവസവും മറപ്പിക്കുന്നു. സന്തോഷത്തോടെയിരിക്കാൻ ഇടക്ക് ഓർമ്മിക്കുന്നേയില്ല. നമ്മെ ഭഗവാനാണ് പഠിപ്പിക്കുന്നത് ഇതും മറക്കുന്നു. മറക്കുന്നത് കാരണം പിന്നെ സേവനവും ചെയ്യാൻ സാധിക്കില്ല. രാത്രിയിൽ ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്- അധമത്തിലും അധമരായ വേശ്യകളുടെ സേവനം ചെയ്യണം. വേശ്യകൾക്ക് മാത്രമായി നിങ്ങൾ ക്ലാസ്സെടുക്കൂ, അതായത് നിങ്ങൾ ബാബയുടെ ഈ ജ്ഞാനത്തെ ധാരണ ചെയ്യുന്നതിലൂടെ സ്വർഗ്ഗത്തിന്റെ വിശ്വത്തിന്റെ മഹാറാണിയാകാൻ സാധിക്കും, സമ്പന്നർക്ക് ആകാൻ സാധിക്കില്ല. ആരാണോ അറിവുള്ളവർ, വിദ്യാഭ്യാസമുള്ളവർ അവർ അവർക്ക് ജ്ഞാനം നൽകുന്നതിന് വേണ്ടി പദ്ധതികളുണ്ടാക്കും. അപ്പോൾ പാവങ്ങൾ വളരെയധികം സന്തോഷിക്കും എന്തുകൊണ്ടെന്നാൽ അവരും അബലകളാണ്, നിങ്ങൾക്ക് അവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ കഴിയും. ബാബ ഒരുപാട് യുക്തികൾ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നുണ്ട്. പറയൂ, നിങ്ങൾ തന്നെയാണ് ഉയർന്നതിലും ഉയർന്നതും, താഴ്ന്നതിലും താഴ്ന്നവരുമായത്. നിങ്ങളിലൂടെയാണ് ഭാരതം വേശ്യാലയമായത്. ഈ പുരുഷാർത്ഥം ചെയ്യുന്നതിലൂടെ നിങ്ങൾക്ക് വീണ്ടും ശിവാലയത്തിലേക്ക് പോകാൻ സാധിക്കും. നിങ്ങളിപ്പോൾ പൈസക്ക് വേണ്ടി എത്ര മോശമായ പ്രവൃത്തിയാണ് ചെയ്യുന്നത്. ഇപ്പോൾ ഇത് ഉപേക്ഷിക്കൂ. ഇങ്ങനെ മനസ്സിലാക്കി കൊടുക്കുന്നതിലൂടെ അവർ വളരെയധികം സന്തോഷിക്കും. നിങ്ങളെ ആർക്കും തടുക്കാൻ സാധിക്കില്ല. ഇതാണെങ്കിൽ നല്ല കാര്യമാണല്ലോ. പാവങ്ങളുടെ തന്നെയാണ് ഭഗവാൻ. പൈസയുടെ കാരണം വളരെ മോശമായ പ്രവൃത്തി ചെയ്യുന്നു. അവരുടെ അങ്ങനെയുള്ള ജോലിയാണ് നടക്കുന്നത്. ഇപ്പോൾ കുട്ടികൾ പറയുകയാണ്, എങ്ങനെ സേവനം അഭിവൃദ്ധി നേടും എന്നതിന് ഞങ്ങൾ യുക്തികൾ പുറത്തെടുക്കാം. ചില കുട്ടികൾ ഏതെങ്കിലും ചില കാര്യത്തിൽ പിണങ്ങുകയും ചെയ്യുന്നു. പഠിപ്പും ഉപേക്ഷിക്കുന്നു. ഇത് മനസ്സിലാക്കുന്നില്ല നമ്മൾ പഠിച്ചില്ലായെങ്കിൽ അവരവരുടെ തന്നെയാണ് നഷ്ടമുണ്ടാക്കുന്നതെന്ന്. പിണങ്ങിയിരിക്കുന്നു. ഇന്നയാൾ ഇത് പറഞ്ഞു, അങ്ങനെ പറഞ്ഞു അതുകൊണ്ട് വരുന്നില്ല. ആഴ്ചയിൽ ഒരു ദിവസം ബുദ്ധിമുട്ടി വരുന്നു. ബാബയാണെങ്കിൽ മുരളികളിൽ ഇടക്കിടക്ക് ഏതേതെല്ലാം നിർദ്ദേശങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്. മുരളി കേൾക്കാൻ ആഗ്രഹമുണ്ടാവണമല്ലോ. ക്ലാസ്സിൽ എപ്പോൾ വരുന്നോ അപ്പോൾ കേൾക്കും. അങ്ങനെ അനേകരുണ്ട്, കാരണമുള്ളതോ കാരണങ്ങളില്ലാത്തതോ ആയ ഒഴിവു കഴിവുകൾ പറഞ്ഞ് ഉറങ്ങുകയാണ്. ശരി, ഇന്ന് പോകുന്നില്ല. ബാബ ഇങ്ങനെ നല്ല നല്ല പോയിന്റുകൾ കേൾപ്പിക്കുന്നു. സേവനം ചെയ്താൽ ഉയർന്ന പദവിയും നേടാം. ഇതാണെങ്കിൽ പഠിപ്പാണ്. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി മുതലായവയിൽ ശാസ്ത്രം ഒരുപാട് പഠിക്കുന്നു. വേറെ ഒരു ജോലിയും കിട്ടിയില്ലെങ്കിൽ ശാസ്ത്രം പഠിച്ച് സത്സംഗം ആരംഭിക്കുന്നു. അതിൽ ഉദ്ദേശ്യമൊന്നും തന്നെയില്ല. ഈ പഠിപ്പിലൂടെയാണെങ്കിൽ എല്ലാവരുടെയും തോണി മറുകരെയെത്തുന്നു. അതിനാൽ നിങ്ങൾ കുട്ടികൾക്ക് ഇങ്ങനെയിങ്ങനെയുള്ള അധമരുടെ സേവനം ചെയ്യണം. സമ്പന്നർ ഇത് കാണുമ്പോൾ കരുതും, ഇവിടെ ഇങ്ങനെയിങ്ങനെയുള്ളവർ വരുന്നു അതിനാൽ അവർക്ക് വരാൻ മനസ്സുണ്ടാവില്ല. ദേഹാഭിമാനമാണല്ലോ. അവർക്ക് ലജ്ജ വരും. ശരി, എങ്കിൽ അവരുടെ ഒരു വേറെ സ്ക്കൂൾ തുറക്കൂ. ആ പഠിപ്പാണെങ്കിൽ കാൽപൈസയുടെതാണ്, ശരീര നിർവാഹാർത്ഥം. ഇതാണെങ്കിൽ 21 ജന്മത്തേക്കാണ്. എത്ര പേരുടെ മംഗളം ഉണ്ടാകും. സാധാരണയായി അമ്മമാർ ചോദിക്കാറുണ്ട് ബാബാ, വീട്ടിൽ ഗീതാ പാഠശാല തുറക്കട്ടെ? അവർക്ക് ഈശ്വരീയ സേവനത്തിൽ താൽപ്പര്യമുണ്ട്. പുരുഷന്മാരാണെങ്കിൽ അവിടെയുമിവിടെയും ക്ലബ് മുതലായവയിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നു. സമ്പന്നർക്ക് വേണ്ടിയാണെ

ങ്കിൽ ഇവിടെത്തന്നെയാണ് സ്വർഗ്ഗം. എത്ര ഫാഷൻ മുതലായവ ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ ദേവതകളുടെ സ്വാഭാവിക സൗന്ദര്യം എങ്ങനെയാണെന്ന് നോക്കൂ. എത്ര വ്യത്യാസമാണ്. അതുപോലെ ഇവിടെ നിങ്ങൾ സത്യം കേൾപ്പിക്കുകയാണെങ്കിൽ എത്ര കുറച്ച് പേരാണ് വരുന്നത്. അതും നിർദ്ധനർ. ഉടൻ ആ ഭാഗത്തേക്ക് പോകുന്നു. അവിടെയും അലങ്കാരം മുതലായവ ചെയ്ത് പോകുന്നു. ഗുരു ജനങ്ങൾ എൻഗേജ്മെന്റും ചെയ്യിപ്പിക്കുന്നു. ഇവിടെ ആരുടെയെങ്കിലും എൻഗേജ്മെന്റ് ചെയ്യിക്കുകയാണെങ്കിൽ തന്നെ രക്ഷിക്കുന്നതിന് വേണ്ടിയാണ്. കാമചിതയിൽ വീഴുന്നതിൽ നിന്ന് രക്ഷപ്പെടും. ജ്ഞാന ചിതയിൽ ഇരുന്ന് കോടിമടങ്ങ് ഭാഗ്യശാലിയായി മാറും. അച്ഛനമ്മമാരോട് പറയുകയാണ് ഈ മോശമായ പണി ഉപേക്ഷിച്ച് വരൂ സ്വർഗ്ഗത്തിലേക്ക്. അപ്പോൾ പറയുകയാണ് എന്തു ചെയ്യാം, ലോകർ ഞങ്ങളുടെ മേൽ പഴി ചാരും, അതായത് കുലത്തിന്റെ പേര് മോശമാക്കി മാറ്റുന്നുവെന്ന്. വിവാഹം ചെയ്യിപ്പിക്കാതിരിക്കുക നിയമത്തിന് വിരുദ്ധമാണ്. ലോകമര്യാദ, കുലത്തിന്റെ മര്യാദ ഉപേക്ഷിക്കുന്നില്ല. ഭക്തി മാർഗ്ഗത്തിൽ പാടുന്നുണ്ട്- എന്റേത് ഒന്ന് മാത്രമാണ്, രണ്ടാമതൊരാളില്ല. മീരയുടെയും പാട്ടാണ്. സ്ത്രീകളിൽ ഒന്നാന്തരം ഭക്ത മീര, പുരുഷന്മാരിൽ നാരദൻ എന്ന് പാടപ്പെടുന്നു. നാരദന്റെയും കഥയുണ്ടല്ലോ. നിങ്ങളോട് ചില പുതിയവർ പറയും- എനിക്ക് ലക്ഷ്മിയെ വരിക്കാൻ സാധിക്കുമോ. അപ്പോൾ പറയൂ, സ്വയം നോക്കൂ യോഗ്യനാണോ? പവിത്ര സർവ്വ ഗുണ സമ്പന്നൻ........ ആണോ? ഇതാണെങ്കിൽ വികാരീ പതിത ലോകമാണ്. ബാബ വന്നിരിക്കുകയാണ് അതിൽ നിന്ന് മോചിപ്പിച്ച് പാവനമാക്കുന്നതിന്. പാവനമാകൂ അപ്പോൾ ലക്ഷ്മിയെ വരിക്കാൻ യോഗ്യതയുള്ളവരായി മാറാൻ സാധിക്കും. ഇവിടെ ബാബയുടെയടുത്ത് വരുന്നു, പ്രതിജ്ഞ ചെയ്ത് പിന്നീട് വീട്ടിൽ പോയാൽ വികാരത്തിൽ വീഴുന്നു. ഇങ്ങനെയിങ്ങനെയുള്ള വാർത്തകൾ വരുന്നുണ്ട്. ബാബ പറയുകയാണ് ഇങ്ങനെയുള്ളവരെ ഏത് ബ്രാഹ്മണിയാണോ കൊണ്ടു വരുന്നത് അവരെയും ബാധിക്കും. ഇന്ദ്രസഭയുടെ കഥയുണ്ടല്ലോ. അതിനാൽ കൂട്ടിക്കൊണ്ടു വരുന്നവർക്കും ശിക്ഷ അനുഭവിക്കേണ്ടി വരുന്നു. ബാബ ബ്രാഹ്മണിമാരോട് എപ്പോഴും പറയുന്നുണ്ട് പക്വതയില്ലാത്തവരെ കൊണ്ട് വരരുത്. നിങ്ങളുടെ അവസ്ഥ പോലും മോശമാകും എന്തുകൊണ്ടെന്നാൽ നിയമ വിരുദ്ധമായി കൊണ്ട് വന്നതാണ്. വാസ്തവത്തിൽ ബ്രാഹ്മണിയാവുക വളരെ സഹജമാണ്. 10-15 ദിവസത്തിൽ ആകാൻ സാധിക്കുന്നു. ബാബ ആർക്കു വേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കാനുള്ള സഹജമായ യുക്തികൾ പറഞ്ഞു തരുന്നുണ്ട്. നിങ്ങൾ ഭാരത വാസികൾ ആദി സനാതന ദേവീ ദേവതാ ധർമ്മത്തിലേതായിരുന്നു, സ്വർഗ്ഗവാസിയായിരുന്നു. ഇപ്പോൾ നരകവാസിയാണ് വീണ്ടും സ്വർഗ്ഗവാസിയാവണമെങ്കിൽ ഈ വികാരത്തെ ഉപേക്ഷിക്കൂ. കേവലം ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. എത്ര സഹജമാണ്. പക്ഷെ ചിലർ ഒട്ടും തന്നെ മനസ്സിലാക്കുന്നില്ല. സ്വയം തന്നെ മനസ്സിലാക്കുന്നില്ലായെങ്കിൽ മറ്റുള്ളവർക്കെങ്ങനെ മനസ്സിലാക്കി കൊടുക്കും. വാനപ്രസ്ഥ അവസ്ഥയിൽ പോലും മോഹത്തിന്റെ ചരടിൽ പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്നത്തെക്കാലത്ത് വാനപ്രസ്ഥ അവസ്ഥയിൽ ഇത്രയും പേർ പോകുന്നില്ല. തമോപ്രധാനമാണല്ലോ. ഇവിടെത്തന്നെ അകപ്പെട്ടിരിക്കുകയാണ്. മുമ്പ് വാനപ്രസ്ഥികളുടെ വലിയ വലിയ ആശ്രമം ഉണ്ടായിരുന്നു. ഇന്ന് അത്രയുമില്ല . 80-90 വയസ്സായാൽ പോലും ഗൃഹസ്ഥം ഉപേക്ഷിക്കുന്നില്ല. ശബ്ദത്തിനുപരി പോകണമെന്ന് മനസ്സിലാക്കുന്നേയില്ല. ഇപ്പോൾ ഈശ്വരനെ ഓർമ്മിക്കണം. ഭഗവാൻ ആരാണ്, ഇത് ആരും അറിയുന്നില്ല. സർവ്യാപിയെന്ന് പറയുകയാണെങ്കിൽ ആരെ ഓർമ്മിക്കും. നമ്മൾ പൂജാരിയാണെന്നും മനസ്സിലാക്കുന്നില്ല. ബാബ നിങ്ങളെ പൂജാരിയിൽ നിന്നും പൂജ്യനാക്കി മാറ്റുകയാണ് അതും 21 ജന്മത്തേക്ക്. ഇതിന് വേണ്ടി പുരുഷാർത്ഥം ചെയ്യേണ്ടതുണ്ട്.

ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഈ പഴയ ലോകം അവസാനിക്കാൻ പോവുകയാണ്. ഇപ്പോൾ നമുക്ക് വീട്ടിലേക്ക് പോകണം- അത്രയും മതി ആ ലഹരിയിലിരിക്കൂ അവിടെ ക്രിമിനൽ കാര്യം ഉണ്ടായിരിക്കുകയില്ല. ബാബ വന്ന് ആ പവിത്ര ലോകത്തിലേക്ക് വേണ്ടി തയ്യാറെടുപ്പ് ചെയ്യിക്കുകയാണ്. സർവ്വീസബിളായ ഓമന സന്താനങ്ങളെ കണ്ണുകളിലിരുത്തി കൂട്ടിക്കൊണ്ടു പോകുന്നു. അതിനാൽ അധമരുടെ സേവനം ചെയ്യുന്നതിന് വേണ്ടി സാമർത്ഥ്യം വേണം, ആ ഗവൺമെന്റിലാണെങ്കിൽ വലിയ വലിയ സംഘം ഉണ്ട്. വിദ്യാഭ്യാസമുള്ളവർ ടിപ്ടോപ്പായി പോകുന്നു. ഇവിടെയാണെങ്കിൽ പലരും സാധാരണക്കാരായ നിർദ്ധനരാണ്. അവരെ ബാബ ഇത്രയും ഉയർന്നതാക്കുന്നു. പെരുമാറ്റവും വളരെ രാജകീയമായിരിക്കണം. ഭഗവാൻ പഠിപ്പിക്കുകയാണ്. ആ പഠിപ്പിൽ ചിലർ ഉയർന്ന പരീക്ഷ പാസ്സാവുകയാണെങ്കിൽ എത്ര ടിപ്പ് ടോപ്പായി മാറുന്നു. ഇവിടെയാണെങ്കിൽ ബാബ പാവങ്ങളുടെ തോഴനാണ്. പാവങ്ങൾ തന്നെയാണ് എന്തെങ്കിലുമൊക്കെ അയക്കുന്നത്. ഒന്ന്-രണ്ട് രൂപയുടെ പോലും മണിയോർഡർ അയക്കുന്നു. ബാബ പറയുകയാണ് നിങ്ങൾ തന്നെയാണ് മഹാഭാഗ്യശാലികൾ. പകരമായി ഒരുപാട് ലഭിക്കുന്നു. ഇതും ഒരു പുതിയ കാര്യമല്ല. സാക്ഷിയായി ഡ്രാമ കാണുകയാണ്. ബാബ പറയുകയാണ് കുട്ടികളേ, നല്ല രീതിയിൽ പഠിക്കൂ. ഇത് ഈശ്വരീയ യജ്ഞമാണ് എന്ത് ആഗ്രഹിക്കുന്നുവോ അത് നേടൂ. എന്നാൽ ഇവിടെ എടുത്താൽ അവിടെ കുറഞ്ഞു പോകും. സ്വർഗ്ഗത്തിലാണെങ്കിൽ എല്ലാം ലഭിക്കുന്നതാണ്. ബാബക്കാണെങ്കിൽ സേവ

നത്തിന് വേണ്ടി വളരെ ഉത്സാഹമുള്ള കുട്ടികളെയാണ് വേണ്ടത്. സുദേശിനെപ്പോലെ, മോഹിനിയെപ്പോലെ, സേവനത്തിന്റെ ഉത്സാഹമുള്ളവരെ. നിങ്ങളുടെ പേര് വളരെ പ്രശസ്തമാകും. പിന്നീട് നിങ്ങൾക്ക് ഒരുപാട് അംഗീകാരം ലഭിക്കും. ബാബ എല്ലാ നിർദ്ദേശവും നൽകിക്കൊണ്ടിരിക്കുകയാണ്. ബാബ പറയുകയാണ് ഇവിടെ കുട്ടികൾക്ക് എത്ര സമയം ലഭിക്കുമോ, ഓർമ്മയിലിരിക്കൂ. പരീക്ഷയുടെ ദിവസം അടുത്തു വരുമ്പോൾ ഏകാന്തതയിൽ പോയി പഠിക്കുന്നു. പ്രൈവറ്റ് ടീച്ചറെയും വെക്കുന്നു. നമ്മുടെയടുത്താണെങ്കിൽ അനേകം ടീച്ചർമാരുണ്ട്, കേവലം പഠിക്കാനുള്ള ആഗ്രഹം ഉണ്ടായിരിക്കണം. ബാബ വളരെ സഹജമായി മനസ്സിലാക്കിത്തരികയാണ്. കേവലം സ്വയം ആത്മാവാണെന്ന് നിശ്ചയം ചെയ്യൂ. ഈ ശരീരം വിനാശിയാണ്. നിങ്ങൾ ആത്മാവ് അവിനാശിയാണ്. ഈ ജ്ഞാനം ഒരു തവണയാണ് ലഭിക്കുന്നത് പിന്നീട് സത്യയുഗം മുതൽ കലിയുഗത്തിന്റെ അവസാനം വരെക്കും ആർക്കും തന്നെ ലഭിക്കുന്നില്ല. നിങ്ങൾക്ക് തന്നെയാണ് ലഭിക്കുന്നത്. നമ്മൾ ആത്മാവാണ് ഇത് പക്കാ നിശ്ചയം വെക്കൂ. ബാബയിൽ നിന്ന് നമുക്ക് സമ്പത്ത് ലഭിക്കുന്നു. ബാബയുടെ ഓർമ്മയിലൂടെ മാത്രമേ വികർമ്മം വിനാശമാകൂ. മതി. ഇത് ഉള്ളിൽ ആവർത്തിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ വളരെയധികം മംഗളം ഉണ്ടാക്കാൻ സാധിക്കുന്നു. പക്ഷെ ചാർട്ട് വെക്കുന്നേയില്ല. എഴുതിയെഴുതി പിന്നെ ക്ഷീണിച്ചു പോകുന്നു. ബാബ വളരെ സഹജമായി പറഞ്ഞു തരുന്നു. നമ്മൾ ആത്മാവ് സതോപ്രധാനമായിരുന്നു, ഇപ്പോൾ തമോപ്രധാനമായിരിക്കുകയാണ്. ഇപ്പോൾ ബാബ പറയുകയാണ് എന്നെ ഓർമ്മിക്കുകയാണെങ്കിൽ സതോപ്രധാനമായി മാറും. എത്ര സഹജമാണ് എന്നിട്ടും മറന്നു പോവുകയാണ്. എത്ര സമയം ഇരിക്കുന്നുവോ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഞാൻ ആത്മാവ് ബാബയുടെ കുട്ടിയാണ്. ബാബയെ ഓർമ്മിക്കുന്നതിലൂടെ സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി ലഭിക്കും. ബാബയെ ഓർമ്മിക്കുന്നതിലൂടെ പകുതി കൽപത്തെ പാപം ഭസ്മമാകും. വളരെ സഹജമായ യുക്തിയാണ് പറഞ്ഞു തരുന്നത്. എല്ലാ കുട്ടികളും കേട്ടുകൊണ്ടിരിക്കുന്നു. ഈ ബാബ സ്വയവും പ്രാക്ടീസ് ചെയ്യുന്നു അപ്പോഴാണല്ലോ പഠിപ്പിക്കുന്നത്. ഞാൻ ബാബയുടെ രഥമാണ്, ബാബ എന്നെ കഴിപ്പിക്കുന്നു, നിങ്ങൾ കുട്ടികളും അങ്ങനെ മനസ്സിലാക്കൂ. ശിവബാബയെ ഓർമ്മിച്ചുകൊണ്ടിരുന്നാൽ എത്ര ലാഭമുണ്ടാകും. പക്ഷെ മറന്നു പോവുകയാണ്. വളരെ സഹജമാണ്. ജോലിയിൽ ഒരു ഉപഭോക്താവും ഇല്ലാത്ത സമയത്ത് ഓർമ്മയിലിരിക്കൂ. ഞാൻ ആത്മാവാണ്, ബാബയെ ഓർമ്മിക്കണം. രോഗാവസ്ഥയിലും ഓർമ്മിക്കാൻ സാധിക്കും. ബന്ധനത്തിലാണെങ്കിലും നിങ്ങൾ അവിടെ ഇരുന്ന് ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ 10-20 വർഷമായവരെക്കാളും ഉയർന്ന പദവി നേടാൻ സാധിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം**

1. സേവനത്തിൽ വളരെ വളരെ ഉത്സുകരായിരിക്കണം. എത്ര സമയം കിട്ടുന്നുവോ ഏകാന്തതയിലിരുന്ന് ബാബയെ ഓർമ്മിക്കണം. പഠിപ്പിന്റെ താല്പര്യം വെയ്ക്കണം. പഠിപ്പിനോട് പിണങ്ങരുത്.

2. തന്റെ പെരുമാറ്റം വളരെ വളരെ റോയലാക്കി വെയ്ക്കണം, മതി ഇപ്പോൾ വീട്ടിലേക്ക് പോകണം, പഴയ ലോകം അവസാനിക്കാൻ പോവുകയാണ് അതുകൊണ്ട് മോഹത്തിന്റെ ചരടിനെ പൊട്ടിക്കണം. വാനപ്രസ്ഥ(ശബ്ദത്തിനുപരി) അവസ്ഥയിൽ ഇരിക്കുന്നതിന്റെ അഭ്യാസം ചെയ്യണം. അധമരെയും ഉദ്ധരിക്കുന്നതിന്റെ സേവനം ചെയ്യണം.

## വരദാനം-ശ്രേഷ്ഠമായ മനോവൃത്തിയിലൂടെ മനോവൃത്തികളെ പരിവർത്തനപ്പെടുത്തുന്ന സദാ സിദ്ധിസ്വരൂപമായി ഭവിക്കട്ടെ.

സിദ്ധിസ്വരൂപമായി മാറുന്നതിനായി മനോവൃത്തിയിലൂടെ മറ്റുള്ളവരുടെ മനോവൃത്തികളേയും ,സങ്കൽപത്തിലൂടെ സങ്കൽപങ്ങളെയും പരിവർത്തനപ്പെടുത്തുന്ന കാര്യം ചെയ്യൂ.ഇതിന്റെ റിസർച്ച് നടത്തൂ.എപ്പോഴും ഈ സേവനത്തിൽ ബിസിയായി ഇരിക്കുകയാണെങ്കിൽ ഈ സൂക്ഷ്മസേവനം പല ദുർബലതകളെയും മറികടക്കാൻ സഹായിക്കും.ഇപ്പോൾ ഇങ്ങിനെയുള്ള പ്ലാനുകളിലൂടെ ധാരാളം ജിജ്ഞാസുക്കൾ വരാൻ തുടങ്ങും,വരുമാനവും വർദ്ധിക്കും,കെട്ടിടവും ലഭിക്കും.എല്ലാ സിദ്ധികളും സഹജമായി മാറും അങ്ങിനെ വിധിയിലൂടെ സിദ്ധിസ്വരൂപമായി മാറും.

**സ്ലോഗൻ-സമയത്തെ സഫലമാക്കിക്കൊണ്ടിരിക്കുകയാണെങ്കിൽ സമയമനുസരിച്ച് വരുന്ന ചതികളിൽ നിന്നും രക്ഷനേടാം.**

**അവ്യക്തസൂചന-സഹജയോഗിയായി മാറണമെങ്കിൽ പരമാത്മാസ്നേഹത്തിന്റെ അനുഭവികളായിമാറൂ**
ബാബക്ക് തന്റെ കുട്ടികളോട് അതിയായ സ്നേഹമുണ്ട് അതിനാലാണ് കുട്ടികളുടെ സ്നേഹത്തിനുല്ളമറുപടി നൽകാനായി ഇത്രവലിയ കത്താണ് ദിവസേന എഴുതുന്നത് സ്നേഹസ്മരണകൾഎഴുതുന്നുഒപ്പം കൂട്ടുകാരനായി സദാ കൂട്ടുകെട്ട് പാലിക്കുകയും ചെയ്യുന്നു.അതുകൊണ്ട് ഈ സ്നേഹത്തിൽ തന്റെ എല്ലാദുർബലതകളേയും ത്യാഗം ചെയ്യൂ.ഒരിക്കലും പരിധിയുള്ള ഒന്നിനും ഒരിക്കലും താങ്കളെ ആകർഷിക്കാനാകാത്തവിധം പരമാത്മാസ്നേഹത്തിൽ മുഴുകൂ.സദാ പരിദിയില്ലാത്ത പ്രാപ്തികളിൽമഗ്നമായി ഇരിക്കുകയാണെങ്കിൽ അതിലൂടെ ആത്മീയതയുടെ സുഗന്ധം അന്തരീക്ഷത്തിൽ വ്യാപിക്കും.